# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6018      04.11.2016 -ൽ മറുപടിക്ക്

## ചിറ്റൂർ നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ചിറ്റൂർ നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും നവീകരിക്കുന്നതിനും, പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും, പോക്കുവരവ്, ഭൂനികുതി അടയ്ക്കൽ എന്നിവയും കംപ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിന് എന്തെങ്കിലും ആലോചനയുണ്ടോ; | (എ) | സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള എല്ലാ വില്ലേജാഫീസുകളുടെയും നവീകരണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈൻ ആയി നൽകിവരുന്നുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. ചിറ്റൂർ താലൂക്കിലെ 3 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ഓഫീസുകളിലുള്ള ജീവനക്കാർക്ക് ഇതിനുവേണ്ട പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ എല്ലാ വില്ലേജിലേയും ബന്ധപ്പെട്ട ജീവനക്കാർക്കും ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയ വില്ലേജുകളിലെ ജീവനക്കാർക്ക് ടി സംവിധാനത്തിലും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. സ്ഥലം മാറിയെത്തുന്ന ജീവനക്കാർക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ